ചിറ്റാർ-സീതത്തോട് വില്ലേജുകളുടെ വിഭജനം

264. [323] ശ്രീമതി റെയിച്ചൽ സണ്ണി പനവേലിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിൽപ്പെട്ട റാന്നി താലൂക്കിലെ ചിറ്റാർ-സീതത്തോട് പുനർവിഭജിച്ച് സീതത്തോട്, ചിറ്റാർ എന്നീ രണ്ട് വില്ലേജുകളാക്കാനുള്ള നിർദ്ദേശം ഇപ്പോൾ ഗവൺമെൻറിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ന് നടപ്പാക്കാൻ കഴിയും ?

ഉത്തരം

(എ) ഇതു സംബന്ധിച്ച് നിർദ്ദേശങ്ങളൊന്നും ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഉദിക്കുന്നില്ല.

ബാലരാമപുരം പഞ്ചായത്തിലെ വില്ലേജുകൾ ഒന്നിപ്പിക്കാൻ നടപടി

265. [324] ശ്രീ. വി. ജെ. തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നു റവന്യൂ വില്ലേജുകൾ ഉൾക്കൊള്ളുന്ന ബാലരാമപുരം പഞ്ചായത്തിനെ ഒരു വില്ലേജായി മാറ്റുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പഞ്ചായത്തിനെ ഒരു വില്ലേജായി പ്രഖ്യാപിക്കുന്നതിന് നടപടി സ്വീകരിക്കാമോ ?

ഉത്തരം

(എ) നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) പരിശോധിക്കുന്നതാണ്.

മുകുന്ദപുരം താലൂക്കിന്റെ വിഭജനം

266. [325] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മുകുന്ദപുരം താലൂക്ക് വിഭജിച്ച് ചാലക്കുടി താലൂക്ക് രൂപീകരിക്കുവാൻ ഉദ്ദേശമുണ്ടോ ; എങ്കിൽ അതിന്റെ ആസ്ഥാനം എവിടെയായിരിക്കും ;

(ബി) മുകുന്ദപുരത്ത് ഒരു പുതിയ ആർ. ഡി. ഒ. ഓഫീസ് ആരംഭിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഗവൺമെൻറിന്റെ പരിഗണനയിലാണ്.

(ബി) ഗവൺമെൻറിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly